മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ: **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2023 തീയതി.27.06.2023

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

വിഷയം: സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺ (വി.ആർ.പി) സ്വന്തം പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നത്- സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ അവർ നിലവിൽ താമസിക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് നടത്തുവാൻ പാടുള്ളതല്ല. ഇതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശം ഇതിനു മുമ്പ് തന്നെ നൽകിയിട്ടുള്ളതാണ്. എന്നാൽ പല ജില്ലകളിലും പ്രസ്തുത നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് മാസ്റ്റർ സർക്കുലറിന്റെയും ഓഡിറ്റ് സ്റ്റാന്റേർഡ്സിലെ വ്യവസ്ഥകളുടെയും ലംഘനമാണ്.

2023 ജൂലൈ മാസം മുതൽ ഓരോ ബ്ലോക്കിലെയും വിവിധ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ നിന്നും വി.ആർ.പി.മാർ സ്വന്തം പഞ്ചായത്ത് (നിലവിൽ താമസിക്കുന്ന) ഒഴിവാക്കിക്കൊണ്ട് മറ്റ് ഗ്രാമപഞ്ചായത്തുകളിലെ സോഷ്യൽ ഓഡിറ്റ് മാത്രമേ നടത്തുവാൻ പാടുള്ളൂവെന്ന് ഇതിനാൽ അറിയിക്കുന്നു. ഇക്കാര്യം ഉറപ്പാക്കേണ്ടത് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഉത്തരവാദിത്വമാണ്.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി: 1. എല്ലാ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
2. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും